**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **05-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (എ) | ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവഹണ ഏജൻസികൾ(SPV)ക്കാണ് കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവഹണ ചുമതല. കൂടാതെ പദ്ധതികളിലെ തടസങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത സമയ ഇടവേളകളിൽ പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തി വരുന്നു. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വികളുടെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തു നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ